2024 JANUARY 03 SATURDAY

Special Issue-e Paper

E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

### രാമക്ഷേത്രത്തിലേക്ക് ഭക്തരുടെ ഒഴുക്ക്

## ഇതുവരെ എത്തിയത് 25 ലക്ഷം പേർ, കാണിക്കയായി 11 കോടി

**അയോധ്യ:** രാമക്ഷേത്രത്തിലേക്കുള്ള ഭക്തരുടെയും കാണിക്കയുടെയും ഒഴുക്ക് തുടരുന്നു. ജനുവരി 22ന് പ്രാണപ്രതിഷ്ഠയ്ക്കുശേഷം ക്ഷേത്രം ഭക്തർക്കായി തുറന്നുകൊടുത്തതു മുതൽ ഇതുവരെ 25 ലക്ഷത്തോളം പേരാണു സന്ദർശിച്ചത്. 11 ദിവസത്തിനകം 11 കോടിയിലേറെ രൂപ സംഭാവനയായി ലഭിച്ചെന്നും രാമജന്മഭൂമി തീർഥ ക്ഷേത്ര ട്രസ്റ്റ് അറിയിച്ചു.

ക്ഷേത്രത്തിലെ ഭണ്ഡാരങ്ങളിൽ നിന്നു പണമായിമാത്രം 8 കോടിയോളം രൂപ ലഭിച്ചു. 3.5 കോടിയോളം രൂപ ഭക്തർ ഓൺലൈനിലൂടെ കാണിക്ക സമർപ്പിച്ചു. ദിവസവും രാം ലല്ല വിഗ്രഹത്തെ കണ്ടുതൊഴാൻ രണ്ടു ലക്ഷത്തിലേറെ ആളുകളാണ് എത്തുന്നതെന്നും ക്ഷേത്ര ട്രസ്റ്റ് ഭാരവാഹി പ്രകാശ് ഗുപ്ത പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിൽനിന്നു അയോധ്യയിലേക്കു പ്രത്യേക ട്രെയിനുകൾ ഉൾപ്പെടെയുള്ള ഗതാഗത സംവിധാനങ്ങളും യാത്രാ പാക്കേജുകളും സജീവമാണ്. ക്ഷേത്രത്തിലെ 'ദർശന പാതയിൽ' നാലു വലിയ ഭണ്ഡാരങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെയാണു ഭക്തർ പണം നിക്ഷേപിക്കേണ്ടത്. കാണിക്കപ്പണം എണ്ണാനായി 11 ബാങ്ക് ജീവനക്കാരുൾപ്പെടെ 14 പേരുടെ സംഘമുണ്ട്. പണം എണ്ണുന്നതുൾപ്പെടെ എല്ലാ കാര്യങ്ങളും സിസിടിവി നിരീക്ഷണത്തിലാണെന്നും പ്രകാശ് വ്യക്തമാക്കി. കാശിയിലെ പുരോഹിതൻ ലക്ഷ്മീകാന്ത് ദീക്ഷിതിന്റെ മുഖ്യകാർമികത്വത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മുഖ്യയജമാനനായ ചടങ്ങിലായിരുന്നു രാംലല്ല വിഗ്രഹത്തിന്റെ പ്രാണപ്രതിഷ്ഠ.





## ഗ്യാൻവാപിയിൽ ഹിന്ദുക്കൾക്ക് ആരാധന തുടരാം: ഉത്തരവ് സ്റ്റേ ചെയ്യാൻ വിസമ്മതിച്ച് ഹൈക്കോടതി

**അലഹാബാദ് :** ഗ്യാൻവാപി മസ്ജിദ് സമുച്ചയത്തിലെ തെക്കുഭാഗത്തുള്ള അറകളിലൊന്നിൽ ഹിന്ദുക്കൾക്ക് ആരാധന നടത്താമെന്ന വാരാണസി ജില്ലാ കോടതിയുടെ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന മസ്ജിദ് കമ്മിറ്റിയുടെ ആവശ്യം അലഹാബാദ് ഹൈക്കോടതി തള്ളി. മസ്ജിദ് കമ്മിറ്റി നൽകിയ ഹർജികളിൽ ഭേദഗതി വരുത്താൻ ഫെബ്രുവരി 6 വരെ ഹൈക്കോടതി സമയം അനുവദിച്ചു. കേസ് വീണ്ടും ഈ മാസം ആറിനു പരിഗണിക്കും. ഇടക്കാല ഉത്തരവ് വേണമെന്ന ആവശ്യമാണ് ഹൈക്കോടതി തള്ളിയത്.

മജിസ്ട്രേറ്റിനെ റിസീവറായി നിയമിച്ചുകൊണ്ടുള്ള ജനുവരി 17ലെ ജില്ലാ കോടതിയുടെ ഉത്തരവ് പുനഃപരിശോധിക്കാനുള്ള ഹർജിയാണ് മസ്ജിദ് കമ്മിറ്റി ആദ്യം നൽകേണ്ടതെന്ന് ഹൈക്കോടതി വ്യക്തമാക്കി. മജിസ്ട്രേറ്റ് റിസീവറായി ചുമതലയേറ്റത് ജനുവരി 23നാണ്. ജനുവരി 31നാണ് ഹൈന്ദവ വിഭാഗത്തിന് പൂജ നടത്താൻ ഇടക്കാല ഉത്തരവിലൂടെ കോടതി അനുമതി നൽകിയത്. ഇതിന് അടിസ്ഥാനമായത് ജനുവരി 17ലെ ഉത്തരവാണെന്നും അതാണ് ആദ്യം പരിശോധിക്കപ്പെടേണ്ടതെന്നും കോടതി ചൂണ്ടിക്കാട്ടി.ജില്ലാ കോടതി ഉത്തരവിനു പിന്നാലെ ഹൈന്ദവ വിഭാഗത്തിനു പൂജയ്ക്കുള്ള ഒരുക്കങ്ങൾ തിടുക്കത്തിൽ നടത്തിയതിനാലാണ് ജനുവരി 31ലെ ഉത്തരവിനെതിരെ ഹർജി നൽകിയതെന്ന് മസ്ജിദ് കമ്മിറ്റിയുടെ അഭിഭാഷകൻ പറഞ്ഞു.

## സർക്കാരിൻെറ ഓഹരി പങ്കാളിത്തം കുറയണം: നിർമല സീതാരാമൻ

**കൊച്ചി:** പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ), ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷൻ (ഒഎൻജിസി) എന്നിവയിലെ കേന്ദ്രസർക്കാരിൻറെ ഭൂരിപക്ഷ ഓഹരി പങ്കാളിത്തം കുറയ്ക്കുന്നതിന് തുറന്ന മനസാണുള്ളതെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

തന്ത്രപരമായ രംഗങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സർേക്കാരിൻറെ ഓഹരി പങ്കാളിത്തം 50 ശതമാനത്തിലും കുറയ്ക്കുന്നതിനോട് സർക്കാരിന് എതിർപ്പില്ലെന്നും അവർ വ്യക്തമാക്കി. ഒരു പ്രമുഖ ദേശീയ ചാനലിന് നൽകിയ അഭിമുഖത്തിലാണ് ധനമന്ത്രി ഇക്കാര്യം പറഞ്ഞത്.

നിലവിൽ കേന്ദ്ര സർക്കാരിന് എസ്ബിഐയിൽ 57.49 ശതമാനവും ഒഎൻജിസിയിൽ 58.89 ശതമാനവും ഓഹരി പങ്കാളിത്തമാണുള്ളത്. ഓഹരി പങ്കാളിത്തം 50 ശതമാനത്തിലും കുറയുന്നതോടെ ഈ രണ്ട് കമ്പനികളിലെയും സർക്കാരിൻറെ നിയന്ത്രണം നഷ്ടമാകും. സ്വകാര്യ നിക്ഷേപകരുടെ നിയന്ത്രണം വരുന്നതോടെ പൊതുമേഖലാ കമ്പനികളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുമെന്നാണ് സർക്കാർ നിലപാട്. പൊതുമേഖലാ കമ്പനികളുടെ മൂല്യവർധന ലക്ഷ്യമിട്ട് നിരവധി നടപടികളാണ് സ്വീകരിക്കുന്നതെന്നും അവർ പറയുന്നു. കഴിഞ്ഞ വർഷങ്ങളിൽ നിരവധി കമ്പനികളിലെ കേന്ദ്ര സർക്കാരിൻറെ ഓഹരികൾ വിപണിയിൽ വിറ്റഴിച്ചെങ്കിലും പൂർണമായ സ്വകാര്യവത്കരണം എയർ ഇന്ത്യയിൽ മാത്രമാണ് നടത്തിയത്.



ഇതോടൊപ്പം സാമ്പത്തിക പരിഷ്കരണ നടപടികൾ ശക്തമായി തുടരുമെന്നും അവർ കൂട്ടിച്ചേർത്തു. പത്ത് വർഷത്തിനിടെ നരേന്ദ്ര മോദി സർക്കാർ നടത്തിയ സാമ്പത്തിക പരിഷ്കാരങ്ങൾ വിപണിയിൽ ഏറെ ഗുണകരമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നിക്ഷേപ സാഹചര്യം മെച്ചപ്പെടാനും പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂല്യം വർധിപ്പിക്കാനും ഇതു സഹായിച്ചു. ഇന്ത്യയിലേക്ക് വലിയ തോതിൽ വിദേശ നിക്ഷേപം ഒഴുകിയെത്തുന്നതിനും പരിഷ്കരണ നടപടികൾ കൊണ്ട് കഴിഞ്ഞു.

സാമ്പത്തിക രംഗത്തെ അനുകൂല സാഹചര്യങ്ങൾ കണക്കിലെടുത്താൽ നടപ്പു സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ വളർച്ചാ നിരക്ക് ഏഴ് ശതമാനമാകും. വളർച്ചയെ ബാധിക്കാത്ത തരത്തിൽ നാണയപ്പെരുപ്പം നിയന്ത്രിക്കാൻ കഴിയുമെന്നു വ്യക്തമാക്കി.



# സന്യാസി മഹാസംഗമം തൃശ്ശിവപേരൂരിൽ: സ്വാഗത സംഘം രൂപീകരിച്ചു

**കൊച്ചി:** വിശ്വഹിന്ദു പരിഷത്തിന്റെ സന്യാസി വിഭാഗമായ മാർഗ്ഗദർശക് മണ്ഡലിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ പരമ്പരയിലും ഉള്ള സന്യാസിവര്യന്മാരും ആത്മീയ നേതാക്കളും പങ്കെടുക്കുന്ന മഹാ സംഗമത്തിന്റെ സ്വാഗത സംഘം രൂപീകരിച്ചു. തൃശൂർ പാറമേക്കാവ് ദേവസ്വം അങ്കണത്തിൽ നടന്ന യോഗത്തിൽ മാർഗ്ഗദർശക് മണ്ഡൽ ചെയർമാൻ സ്വാമി ചിദാനന്ദപുരി അധ്യക്ഷത വഹിച്ചു.കേരളത്തിൽ സാമൂഹ്യ പരിവർത്തനത്തിന് സന്യാസി സമൂഹം നേതൃത്വം വഹിക്കണമെന്ന് സ്വാമി ചിദാനന്ദപുരി പറഞ്ഞു.ഹൈന്ദവ നവോത്ഥാനവും ശാക്തീകരണവും സന്യാസ സമൂഹം ദൗത്യമായി ഏറ്റെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സ്വാഗത സംഘം ഭാരവാഹികളായി സ്വാമി പുരുഷോത്തമാനന്ദ, സ്വാമി നന്ദാത്മജാനന്ദ, സ്വാമി തേജസ്വരൂപാനന്ദ,സ്വാമിനി ധീരാമൃത ചൈതന്യ,ഡോ.പുത്തേഴത്ത് രാമചന്ദ്രൻ(രക്ഷാധികാരികൾ), ഡോ.പി.സി മുരളീ മാധവൻ (പ്രസിഡന്റ്), വിജി തമ്പി(വർക്കിംഗ് പ്രസിഡന്റ്), പി മോഹനൻ മേനോൻ(ജനറൽ കൺവീനർ), വി മോഹനകൃഷ്ണൻ, സി ബി പ്രദീപ് കുമാർ, എം.ആർ ഉണ്ണികൃഷ്ണൻ(ജോയിന്റ് കൺവീനർമാർ),വി രാജഗോപാൽ(ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.മാർഗദർശക് മണ്ഡലം സെക്രട്ടറി സ്വാമി സത് സ്വരൂപാനന്ദ ജി,സ്വാമി വിവിക്താനന്ദ സരസ്വതി (ചിന്മയ മിഷൻ),സ്വാമി പ്രജ്ഞാനാനന്ദ തീർത്ഥപാദർ ( വാഴൂർ തീർത്ഥപാദാശ്രമം), സ്വാമി അധ്യാത്മാനന്ദ സരസ്വതി (സംബോധ് ഫൗണ്ടേഷൻ ),സ്വാമി നന്ദാത്മജാനന്ദ (രാമകൃഷ്ണ മിഷൻ),സ്വാമി വേദാമൃതാനന്ദപുരി (അമൃതാനന്ദമയീമഠം).സ്വാമി പുരുഷോത്തമാനന്ദ സരസ്വതി (വിവേകാനന്ദാശ്രമം),സ്വാമി അയ്യപ്പദാസ് (തത്വമസി ആശ്രമം),സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി ( ദയാനന്ദാശ്രമം).സ്വാമി തേജസ്വരൂപാനന്ദ സരസ്വതി,സ്വാമി പൂർണാനന്ദ തീർത്ഥ ( ശ്രീരാമകൃഷ്ണാശ്രമം) .ആനന്ദവനം സ്വാമി(അഘാടാ സന്യാസി ),സ്വാമി മുരുക ചൈതന്യ ( വാഴൂർ ആശ്രമം),സ്വാമി ദേവചൈതന്യാനന്ദ സരസ്വതി (ശിവഗിരി മഠം),സ്വാമി വിഷ്ണുപ്രിയാ നന്ദ സരസ്വതി മാതാജി (ഗുരുവനം ആശ്രമം),വിശ്വ ഹിന്ദു പരിഷത് സംസ്ഥാന അധ്യക്ഷൻ വിജിതമ്പി,സംസ്ഥാന സംഘടനാ സെക്രട്ടറി ഗിരീഷ് കള്ളിക്കൽ,ആർഎസ്എസ് നേതാക്കളായ വിശ്വനാഥൻ. ഗോപാലൻകുട്ടി മാസ്റ്റർ,സുധാകരൻ (ഹിന്ദു ഐക്യവേദി),വിഎച്ച്പി തൃശൂർ ജില്ലാ പ്രസിഡന്റ് പി മോഹൻ മേനോൻ,രാജേഷ് ( പാറമേക്കാവ് ദേവസ്വം സെക്രട്ടറി ) തുടങ്ങിയവർ പങ്കെടുത്തു, കേരളത്തിലെ മുഴുവൻ സന്യാസി ശ്രേഷ്ഠരുടെയും സാന്നിധ്യത്തിൽ നടക്കുന്ന മഹാസംഗമത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരികയാണെന്ന് സ്വാഗതസംഘം വർക്കിംഗ് പ്രസിഡന്റും,വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷനുമായ വിജിതമ്പി പറഞ്ഞു. മാർച്ച് 24 ന് നടക്കുന്ന സന്യാസി സമ്മേളനം ഉത്ഘാടനം ചെയ്യാൻ ശ്രീരാമജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ മഹന്ത് നിത്യാ ഗോപാൽ ദാസിനെയും അന്ന് വൈകിട്ട് നടക്കുന്ന പൊതുസമ്മേളനം ഉത്ഘാടനം ചെയ്യാൻ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനെയും ക്ഷണിക്കാൻ തീരുമാനിച്ചെന്നുംവിജി തമ്പി പറഞ്ഞു.

## ഡോ.ആർക്കിടെക്റ്റ് സി.നജീബിന് ദേശീയ അംഗീകാരം



**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്സിന്റെ (ഐ ഐ എ) പ്രെസിഡെൻഷ്യൽ സ്പെഷ്യൽ ദേശീയ അംഗീകാരം ഡോ.ആർക്കിടെക്ട് സി.നജീബിന് ലഭിച്ചു. ഐ ഐ എ യുടെ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര തലത്തിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ശ്രമങ്ങൾ മുൻനിർത്തിയാണ് അംഗീകാരം. വാസ്തുവിദ്യാ വൈദഗ്ധ്യത്തിലും ജീവകാരുണ്യ മേഖലയിലും ശ്രദ്ധേയനായ നജീബ്, പ്രാദേശികമായും ആഗോളതലത്തിലും പ്രൊഫഷൻ പ്രതിബദ്ധതയോടെ മുന്നോട്ട് കൊണ്ടുപോയതായി വിലയിരുത്തിയാണ് അംഗീകാരം സമ്മാനിക്കുന്നത്. അതിർത്തികൾക്കപ്പുറമുള്ള ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സമർപ്പണം അന്താരാഷ്ട്ര വേദിയിൽ ഐ ഐ എ യുടെ സാന്നിധ്യവും സ്വാധീനവും ഗണ്യമായി വർദ്ധിപ്പിച്ചുവെന്നും വിലയിരുത്തപ്പെട്ടു. ഐഐഎ ദേശീയ കൺവെൻഷന്റെ സമാപന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും.



കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര നയിക്കുന്ന വ്യാപാര സംരക്ഷണ യാത്രയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ വാഹന പ്രചരണ ജാഥ കെ.വി.വി.ഇ.എസ് എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ ജാഥാ ക്യാപ്റ്റൻ യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസിന് പതാക കൈമാറി ഉദ്ഘാടനം ചെയ്യുന്നു

## വ്യാപാരികളുടെ കടയടപ്പ് സമരം: വാഹന പ്രചരണ ജാഥ നടത്തി

**കൊച്ചി:**കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര നയിക്കുന്ന വ്യാപാര സംരക്ഷണ യാത്രയ്ക്കും ഫെബ്രുവരി 13 ന് സംസ്ഥാന വ്യാപകമായി നടക്കുന്ന കടയടപ്പ് സമരത്തിനും ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വാഹന പ്രചരണ ജാഥ നടത്തി. യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറിയും എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റുമായ പ്രദീപ് ജോസിന്റെ നേതൃത്വത്തിൽ കലൂർ ടി നസറുദ്ദീൻ സ്മൃതി മണ്ഡപത്തിൽ നിന്ന് ആരംഭിച്ച ജാഥ ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ ഉദ്ഘാടനം ചെയ്തു. ഏകോപന സമിതി കലൂർ യൂണിറ്റ് പ്രസിഡന്റ് കെ.എ നാദിർഷ അധ്യക്ഷത വഹിച്ചു. അബൂബക്കർ (ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസ്സോസിയേഷൻ),ഏകോപന സമിതി നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റ് കെ.എസ് നിഷാദ്, ജില്ലാ ജനറൽ സെക്രട്ടറി ശ്രീനാഥ് മംഗലത്ത്, എസ്. കമറുദ്ദീൻ, ജയ പീറ്റർ, മുരളീധരൻ,റാഫി, ടിജോ തോമസ്, വി കെ അൻസാരി, വി എ ഷിഹാബ്, എം കെ ബിനു, കെ.എസ് അനസ്,സജി സ്റ്റാൻലി, ടെൻസൻ, പി പി ഫൈസൽ, നവാസ് കളമശേരി, ജെയിൻ ലാൽ, രഹനാസ് കത്രിക്കടവ്, സനോജ് കലൂർ തുടങ്ങിയവർ സംസാരിച്ചു.മണ്ഡലത്തിലെ 15 ലധികം കേന്ദ്രങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി ഇടപ്പള്ളി കുന്നുംപുറം ജംഗ്ഷനിൽ വൈകിട്ടോടെ ജാഥ സമാപിച്ചു.യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് കെ.എസ് നിഷാദ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.ഏകോപന സമിതി ഇടപ്പള്ളി നോർത്ത് യൂണിറ്റ് പ്രസിഡന്റ് പോൾ പെട്ട അധ്യക്ഷത വഹിച്ചു.

## ശ്രേഷ്ഠ ഭാരത പുരസ്കാരം ആശാ തൃപ്പൂണിത്തുറയ്ക്ക് സമ്മാനിച്ചു



ഭാരതീയ ദളിത് സാഹിത്യ അക്കാദമി ഏർപ്പെടത്തിയ ശ്രേഷ്ഠ ഭാരത പുരസ്കാരം മുൻ എം.എൽ.എ കെ.രാമൻ കുട്ടിയിൽ നിന്നും ഹ്യൂമൻ റൈറ്റ്സ് ജസ്റ്റിസ് വിജിലൻസ് ഫോറം പ്രസിഡന്റ് ആശാ തൃപ്പൂണിത്തുറ ഏറ്റുവാങ്ങുന്നു.

**കൊച്ചി:** ഭാരതീയ ദളിത് സാഹിത്യ അക്കാദമി ഏർപ്പെടത്തിയ ശ്രേഷ്ഠ ഭാരത പുരസ്കാരം മനുഷ്യാവകാശ പ്രവർത്തകയും ഹ്യൂമൻ റൈറ്റ്സ് ജസ്റ്റിസ് വിജിലൻസ് ഫോറം പ്രസിഡന്റുമായ ആശാ തൃപ്പൂണിത്തുറയ്ക്ക് സമ്മാനിച്ചു. തിരുവനന്തപുരം പ്രസ്ക്ലബ്ബിൽ നടന്ന ഭാരതീയ ദളിത് സാഹിത്യ അക്കാദമിയുടെ ഭരണഘടനാ സംരക്ഷണ വാരാഘോഷ സമ്മേളനത്തിൽ മുൻ എം.എൽ.എ കെ.രാമൻ കുട്ടി പുരസ്ക്കാര വിതരണം നിർവ്വഹിച്ചു.ദളിത് സാഹിത്യ അക്കാദമി പ്രസിഡന്റ് തോട്ടപ്പള്ളി ബാലകൃഷ്ണൻ, വനിതാ വിഭാഗം പ്രസിഡന്റ് ഡോ. വീണ വൈഗ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## കടയടപ്പ് സമരം: ഹോമിയോപ്പതിയും പങ്കെടുക്കും

**കൊച്ചി:**കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 13 ന് സംസ്ഥാന വ്യാപകമായി നടത്തുന്ന കടയടപ്പ് സമരത്തിൽ പങ്കെടുക്കുമെന്ന് ഓൾ കേരള ഹോമിയോപ്പതിക് ഡീലേഴ്സ് അസോസിയേഷൻ (എ.കെ.എച്ച്.ഡി.എ) സംസ്ഥാന പ്രസിഡന്റ് എസ്.മനോജ്കുമാർ, ജനറൽ സെക്രട്ടറി അനില ജോസഫ് എന്നിവർ അറിയിച്ചു. എ.കെ.എച്ച്.ഡി.എയിലെ അംഗങ്ങളായ സംസ്ഥാനത്തെ മുഴുവൻ ഹോമിയോ ഔഷധവ്യാപാരികളും അന്നേ ദിവസം വ്യാപാര സ്ഥാപനങ്ങൾ അടിച്ചിടുമെന്നും അസോസിയേഷ ഭാരവാഹികൾ അറിയിച്ചു.

# ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാമേള ഫെബ്രുവരി ആറിന്

**കൊച്ചി:** ഐ.എം.എ കൊച്ചി, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 31 സിയിലെ വിവിധ ലയൺസ് ക്ലബ്ബുകൾ, സിഫി (സെന്റർ ഫോർ എംപവർമെന്റ് ആന്റ് എന്റിച്ച്മെന്റ്) എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാമേള ' വർണ്ണോൽസവം ' ഈ മാസം ആറിന് കലൂർ ഐ.എം.എ ഹൗസിൽ നടക്കും. ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന എറണാകുളം ജില്ലയിലെ 10 ഓളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി 300 ഓളം കുട്ടികൾ കലാമേളയിൽ പങ്കെടുക്കും. രാവിലെ ഒമ്പതിന് മൽസരങ്ങൾ ആരംഭിക്കും.ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ് ഐ.എ.എസ് മേള ഉദ്ഘാടനം ചെയ്യും.മൽസരത്തിൽ വിജയികളാകുന്ന കുട്ടികൾക്കുള്ള സമ്മാനങ്ങളും ഓവറോൾ ചാംപ്യൻഷിപ്പ് നേടുന്ന സ്കൂളുകൾക്കുള്ള ട്രോഫിയും വൈകുന്നേരം നടക്കുന്ന സമാപന സമ്മേളനത്തിൽ വിതരണം ചെയ്യും. ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാഅഭിരുചി പ്രോൽസാഹിപ്പിച്ച് അവരെ മുഖ്യധാരയിലെത്തിക്കുകയെന്നതാണ് കലാമേളകൊണ്ട് ലക്ഷ്യമിടുന്നതെന്ന് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം. എം ഹനീഷ് പറഞ്ഞു. ലയൺസ് ഇന്റർ നാഷണൽ ഡിസ്ട്രിക് 31 സിയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി ഇത്തരത്തിലൊരു കലാമേള ആദ്യമായിട്ടാണ് സംഘടിപ്പിക്കുന്നതെന്നും മറ്റുള്ള കുട്ടികൾക്കൊപ്പം ഭിന്നശേഷിക്കാരയ കുട്ടികളും വരണമെന്നും ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക് 31 സി ഗവർണർ ഡോ. ബീന രവികുമാർ,ജനറൽ കൺവീനർമാരായ വി.എസ് ജയേഷ്, സി.ജി ശ്രീകുമാർ, പീറ്റർ സെബാസ്റ്റ്യൻ എന്നിവർ പറഞ്ഞു. 'വർണോൽസവം' കലാമേള ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിലെത്തിക്കാൻ നിർണ്ണായ പങ്കുവഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് സിഫി ചെയർമാൻ ഡോ. പി.എ മേരി അനിത പറഞ്ഞു.




# ഇസാഫ് ബാങ്കും എഡൽവെയിസ് ടോക്കിയോ ലൈഫും ധാരണയിൽ

**കൊച്ചി:** ഉപഭോക്താക്കൾക്ക് കുടുതൽ സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കും എഡൽവെയിസ് ടോക്കിയോ ലൈഫും ബാങ്കഷ്വറൻസ് സഹകരണത്തിന് ധാരണയിലെത്തി. ഈ പങ്കാളിത്തത്തിലൂടെ രാജ്യത്തുടനീളമുള്ള ഇസാഫ് ബാങ്ക് ഉപഭോക്താക്കൾക്ക് ലൈഫ് ഇൻഷൂറൻസ് സേവനങ്ങൾ ലഭിക്കുമെന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ്, എഡൽവെയിസ് ടോക്കിയോ ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ സുമിത് റായ് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് സേവനങ്ങൾ വൈവിധ്യവൽക്കരിക്കുകയും ഇവ സാമ്പത്തിക സേവനങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിലേക്കും ജനങ്ങളിലേക്കുമെത്തിക്കുകയും അവരുടെ സാമ്പത്തിക സുരക്ഷയ്ക്ക് പിന്തുണ ഉറപ്പാക്കുകയുമാണ് ഈ സഹകരണത്തിലൂടെ ഇസാഫ് ബാങ്ക് ലക്ഷ്യമിടുന്നത്.

എഡൽവെയിസ് ടോക്കിയോ ലൈഫ് ഇൻഷുറൻസുമായി കൈകോർക്കുന്നതിൽ സന്തോഷമുണ്ട്. എല്ലാവരേയും ഉൾക്കൊള്ളുന്ന സാമ്പത്തിക സുരക്ഷിതത്വ ത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവെപ്പാണിത്. ഇതിലൂടെ ലൈഫ് ഇൻഷുറൻസ് ലഭ്യത താഴെത്തട്ടിലുള്ള സമൂഹത്തിലേക്കും എത്തിക്കാൻ സാധിക്കുമെന്നും കെ. പോൾ തോമസ് പറഞ്ഞു.

എല്ലാവർക്കും ഇൻഷുറൻസ് എന്ന ഐആർഡിഎഐയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി രാജ്യത്തുടനീളം ലൈഫ് ഇൻഷുറൻസ് വിതരണം ഞങ്ങൾ മെച്ചപ്പെടുത്തിവരികയാണ്. ദക്ഷിണേന്ത്യയിൽ ഞങ്ങൾക്ക് ശക്തമായ സാന്നിധ്യമുണ്ട്. ഇസാഫ് ബാങ്കുമായുള്ള പങ്കാളിത്തം ഇത് കൂടുതൽ ശക്തിപ്പെടുത്താനും ഉപഭോക്തൃ ധാരണ മെച്ചപ്പെടുത്താനും സഹായിക്കുമെന്ന് സുമിത് റായ് പറഞ്ഞു.

വിവിധ സംസ്ഥാനങ്ങളിൽ ഗ്രാമീണ മേഖലയിലുള്ള ഇസാഫ് ബാങ്കിന്റെ ശക്തമായ സാന്നിധ്യം നൂതന ലൈഫ് ഇൻഷുറൻസ് ഉൽപ്പന്നങ്ങളുടെ ലഭ്യത കൂടുതൽ വിപുലീകരിക്കാൻ സഹായകമാകും. എഡൽവെയിസ് ടോക്കിയോ ലൈഫിന്റെ സമഗ്ര മൾട്ടിചാനൽ വിതരണ തന്ത്രത്തിൽ ഇസാഫുമായുള്ള പങ്കാളിത്തം പ്രധാന പങ്കുവഹിക്കും.

ഉപഭോക്താക്കളുടെ ആവശ്യങ്ങളറിഞ്ഞ് ഇഷ്ടാനുസരണം രൂപകൽപ്പന ചെയ്തതും പ്രസക്തവുമായ ലൈഫ് ഇൻഷുറൻസ് പദ്ധതികളാണ് ഈ പങ്കാളിത്തത്തിലൂടെ വിപണിയിലെത്തുന്നത്.

# ആനകളുടെ ദുരിതം ; റോബോട്ടിക് ആനയെ രംഗത്തിറക്കി വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ്സ്



**കൊച്ചി:** വംശനാശ ഭീഷണി നേരിടുന്ന ഏഷ്യൻ ആനകളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ്സ്, ക്ഷേത്രോൽസവങ്ങൾക്കായി റോബോട്ടിക് ആനയെ രംഗത്തിറക്കുന്നു. കേരളത്തിന്റേയും തമിഴ്നാടിന്റേയും അതിർത്തി ഗ്രാമമായ ഗൂഡല്ലൂരിൽ (നീലഗിരി ജില്ല) സ്ഥിതി ചെയ്യുന്ന മലയാളികൾ നേതൃത്വം നൽകുന്ന ശ്രീ ശങ്കരൻ കോവിലിലാണ് ലക്ഷണമൊത്ത ഒരു കൊമ്പന്റെ വലിപ്പമുള്ള ആദ്യ റോബോട്ടിക്ക് ആനയെ സമർപ്പിച്ചിരിക്കുന്നത്.

റോബോട്ടിക് എലിഫന്റ് പദ്ധതിയുടെ കീഴിലുള്ള ആദ്യത്തെ ആനയാണിത്. കേരളത്തിലെ ആചാരങ്ങളുടെ പഴമയും ആചാരങ്ങളും കൈവിടാതെ തന്നെ, ക്ഷേത്രോത്സവങ്ങളിൽ കൂടുതൽ നൈതികത ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് വോയിസസ് ഓഫ് ഏഷ്യൻ എലിഫന്റ്സ് സ്ഥാപകയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ സംഗീത അയ്യർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഓരോ വർഷവും 25 നാട്ടാനകൾ ദുരിതപൂർണമായ സാഹചര്യങ്ങളിൽ ചരിയുന്നുണ്ടെന്നാണ് കണക്ക്. ആനകളുടെ ആക്രമണത്തിൽ നിരവധി പാപ്പാന്മാരും കൊല്ലപ്പെടുന്നുണ്ട്. 2023 ൽ മാത്രം ആനകൾ ഇടഞ്ഞ് ആൾക്കൂട്ടത്തിന് നേരെ ഓടിയ 293 സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ പോയവർഷം നാല് പാപ്പാന്മാർക്ക് ജീവൻ നഷ്ടമാകുകയും 26 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇക്കൊല്ലം ഇതുവരെ മാത്രം 15 ഇടത്ത് ആനകൾ ഇടഞ്ഞോടിയെന്ന റിപ്പോർട്ടുകളുണ്ട്. എട്ട് പാപ്പാന്മാർക്ക് പരിക്കേറ്റു.

ഉത്സവങ്ങളിൽ പങ്കെടുക്കാനെത്തുന്ന പൊതുജനങ്ങൾക്ക് വലിയ സുരക്ഷാഭീഷണിയാണ് ആവർത്തിക്കപ്പെടുന്ന ഇത്തരം സംഭവങ്ങൾ.

ഏറ്റവും പുതിയ കണക്കുകൾ പ്രകാരം നാട്ടാനകളുടെ എണ്ണത്തിൽ വലിയ കുറവും ഉണ്ടായിട്ടുണ്ട്. 2019 ൽ സംസ്ഥാനത്ത് 500 ആനകൾ ഉണ്ടായിരുന്നിടത്ത് നിലവിൽ 397 ആനകളാണുള്ളത്. അതിൽ മൂന്നെണ്ണം 2024 ജനുവരിയിൽ ചരിഞ്ഞു.

വെറും നാല് വർഷത്തിനുള്ളിൽ നാട്ടാനകളുടെ എണ്ണത്തിൽ ഇത്രയും വലിയ കുറവുണ്ടായത് ആശങ്കയുണ്ടാക്കുന്നുവെന്നും ഇവർ പറഞ്ഞു.ഇവിടെയാണ് റോബോട്ടിക് ആനകൾ പ്രസക്തമാകുന്നത്.

റോബോട്ടിക് ആനകളുടെ ഉപയോഗത്തിലൂടെ ബന്ധനത്തിൽ കഴിയുന്ന ആനകൾ അനുഭവിക്കുന്ന ദുരിതങ്ങൾ പൂർണമായി ഒഴിവാക്കാം. ജീവനുള്ള ആനകളുടെ അതേ രൂപഭാവവും ഗാംഭീര്യവും കാഴ്ച്ചയിൽ ഇവ നൽകുകയും ചെയ്യുന്നു. ആനകളെ പരിചരിക്കുന്നവർക്ക് നേരിടേണ്ടി വരുന്ന അപകടങ്ങൾ പൂർണമായും ഒഴിവാക്കുകയും ചെയ്യാം.

ഘട്ടംഘട്ടമായി കേരളത്തിലെ മറ്റ് ക്ഷേത്രങ്ങളിലും റോബോട്ടിക് ആനകളെ നൽകാനുള്ള ശ്രമത്തിലാണ് വോയിസസ് ഫോർ ഏഷ്യൻ എലിഫെന്റ്സ്. ജീവനുള്ള ആനകളെ നാട്ടിൽ എത്ര പരിചാരിച്ചാലും അവയുടെ പൂർണസൗഖ്യം ഉറപ്പിക്കാനാവില്ലെന്ന് പല അമ്പലങ്ങളുടെ പ്രതിനിധികളും തുറന്നുസമ്മതിക്കുകയും ചെയ്യുന്നു. അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ മാത്രമേ ആനകൾക്ക് അതിജീവിക്കാൻ കഴിയൂ.

ഈ സാഹചര്യത്തിൽ നമ്മുടെ പരമ്പരാഗത രീതികളും സംസ്കാരവും കൈവെടിയാതെ തന്നെ ഈ പ്രശ്നങ്ങളെ മാനുഷികമായി നേരിടാൻ റോബോട്ടിക്ക് ആനകളെ ഉപയോഗിക്കാമെന്നും സംഗീത അയ്യർ പറഞ്ഞു. ഗുണ്ടലൂർ ശ്രീശങ്കരൻ കോവിൽ, ദേവർശാല, ട്രഷറർ ബി സുധീഷ് കുമാറും വാർത്താ സമ്മേളത്തിൽ പങ്കെടുത്തു.



# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സും കുസാറ്റും ധാരാണാപത്രം ഒപ്പുവച്ചു

**കൊച്ചി:** ഡേറ്റാ സയൻസ് മേഖലയിൽ സഹകരണം വർധിപ്പിക്കുന്നതിനായി യു.കെയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സും(ഐ.ഒ.എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും(കുസാറ്റ്) ധാരാണാപത്രം ഒപ്പുവച്ചു.

ഡാറ്റാ സയൻസിലെയും അനലിറ്റിക്സിലെയും ഓഫറുകൾ അപ്പ്ഗ്രേഡ് ചെയ്ത് ഐ.ഒ.എയുടെ വിദ്യാഭ്യാസ അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾ പാലിക്കാൻ ഈ ധാരണാപത്രത്തിലൂടെ കുസാറ്റിന് സാധിക്കും.ഡേറ്റാ സയൻസ് ആൻഡ് അനലിറ്റിക്സിന്റെ യു.കെയിലെയും ആഗോളതലത്തിലെയും പ്രൊഫഷണൽ ബോഡിയാണ് ഐ.ഒ.എ. ഈ വിഷയങ്ങളിൽ ബോധവൽക്കരണവും അറിവും നൽകാനും പുതുമകൾ ആവിഷ്കരിക്കുന്നതിനുമായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇത്. ഐ.ഒ.എയുമായുള്ള സഹകരണം ഡിഡിയു കൗശൽ കേന്ദ്ര, കംപ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടർ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംഗ്, ഇൻഫൊർമേഷൻ ടെക്നോളജി തുടങ്ങിയ കുസാറ്റിന്റെ വിവിധ വകുപ്പുകൾക്കാണ് ഗുണം ചെയ്യുക.

യുകെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപറേഷൻ (ഐഎസ്ഡിസി) ആണ് പദ്ധതി നടപ്പിലാക്കുക. യുകെയിലെ നിരവധി യൂണിവേഴ്സിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുന്ന ഐഎസ്ഡിസി ഇന്ത്യയിലെ 300 യൂണിവേഴ്സിറ്റികളുമായും സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സിന്റെ ആഗോളതലത്തിലെ ഏറ്റവും വലിയ സേവനദാതാക്കളിൽ ഒന്നാണ് ഐഎസ്ഡിസി.കുസാറ്റ് വി.സി ഡോ. പി.ജി ശങ്കരന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ സർവ്വകലാശാല രജിസ്ട്രാർ ഡോ. വി. മീരയും യുകെയിലെ ഐ.ഒ.എ ഡയറക്ടർ ഡോ. ക്ലെയർ വാൽഷും ധാരണാപത്രത്തിൽ ഒപ്പിട്ടു.

ഐഎസ്ഡിസി പാർട്ണർഷിപ്പ് വിഭാഗം തലവൻ ഷോൺ ബാബു, കുസാറ്റ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. വി.പി ജഗതിരാജ്, ഡിഡിയു കൗശൽ കേന്ദ്ര ഡയറക്ടർ ഡോ. കെ.എ സക്കറിയ, ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ. ഹരീഷ് രാമനാഥൻ, കംപ്യൂട്ടർ ആപ്ലിക്കേഷൻസ് വകുപ്പ് മേധാവി ഡോ. എം.വി ജൂഡി, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സ്മിജു സുദേവൻ, ഓട്ടോമേഷൻ ഗ്ലോബൽ ഹെഡ് ജി. ലക്ഷ്മി നാരായണൻ തുടങ്ങിയവർ ചടങ്ങിൽപങ്കെടുത്തു.

# ജമ്മുവിലേക്കു ഇലക്ട്രിക് ബസുമായി ടാറ്റാ മോട്ടോഴ്സ്

**ജമ്മു:** ടാറ്റാ മോട്ടോഴ്സ് നിർമിച്ച ഇലക്ട്രിക് ബസുകൾ ഇനി ജമ്മു സ്മാർട്ട് സിറ്റിയ്ക്ക് വേണ്ടി സർവീസ് നടത്തും.

ടാറ്റാ മോട്ടോഴ്സ് ഗ്രൂപ്പ് കമ്പനിയായ ടി. എം. എൽ മൊബിലിറ്റി സൊല്യൂഷൻസ് ( ജെ ആൻഡ് കെ ) പ്രൈവറ്റ് ലിമിറ്റഡാണ് അത്യാധുനികമായ അൾട്രാ ഇ വി എയർ കണ്ടിഷൻഡ് ഇലക്ട്രിക് ബസുകൾ ജമ്മു സ്മാർട്ട് സിറ്റി ലിമിറ്റഡിന് കൈമാറിയത്.പരിസ്ഥിതി സൗഹൃദമായ പൊതു ഗതാഗത സംവിധാനങ്ങൾ ജമ്മുവിൽ വികസിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ജമ്മു കശ്മീർ സർക്കാരിന് കീഴിലെ ഭവന, നഗരകാര്യ വകുപ്പാണ് പദ്ധതിയ്ക്ക് ചുക്കാൻ പിടിക്കുന്നത്.

ടാറ്റാ മോട്ടോഴ്സിന്റെ ഇലക്ട്രിക് ബസുകൾ അത്യാധുനിക സാങ്കേതിക വിദ്യയിൽ ഇന്ത്യയിൽ നിർമിച്ചതാണ്. മികച്ച ഇലക്ട്രിക് പവർ സിസ്റ്റം, സീറോ കാർബൺ എമിഷൻ എന്നിവ ഈ ബസുകളെ



വ്യത്യസ്തമാക്കുന്നു. സുരക്ഷയ്ക്കും സൗകര്യത്തിനും പ്രാധാന്യം നൽകിക്കൊണ്ടാണ് ബസുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ജമ്മുവിൽ പരിസ്ഥിതി സൗഹൃദമായ സുസ്ഥിര ഗതാഗതം ഉറപ്പിക്കുന്നതിനു ഇതുവഴി സാധ്യമാകും. ശ്രീനഗറിലും ജമ്മുവിലും 100 വീതം ഇലക്ട്രിക് ബസുകൾ അവതരിപ്പിക്കുന്നതിനാണ് പദ്ധതി. ജമ്മു ആൻഡ് ശ്രീനഗർ സ്മാർട്ട് സിറ്റി പദ്ധതികളുടെ ഭാഗമായി 12 വർഷ കാലയളവിലേക്കാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് . കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായാണ് ബസുകൾ കൈമാറുന്നതിന്റെ ഫ്ലാഗ് ഓഫ് നിർവഹിച്ചത്.

കേന്ദ്ര ഘന വ്യവസായ വകുപ്പ് മന്ത്രി ഡോ. മഹേന്ദ്ര നാഥ് പാണ്ഡേ, ജമ്മു ആൻഡ് കശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ എന്നിവരുടെ സാന്നിധ്യത്തിൽ ആയിരുന്നു ഫ്ലാഗ് ഓഫ് ചടങ്ങുകൾ നടന്നത്. ജുഗൽ കിഷോർ ശർമ എം. പി., ഗുലാം അലി ഖട്ടാന എം. പി., അജയ് ഭല്ല ഐ. എ. എസ്., കേന്ദ്ര ആഭ്യന്തര സെക്രട്ടറി അടൽ ദുല്ലൂ ഐ. എ. എസ്., ജമ്മു ആൻഡ് കശ്മീർ ചീഫ് സെക്രട്ടറി മൻദീപ് കൗർ ഐ. എ. എസ്., ജമ്മു ആൻഡ് കശ്മീർ ഭവന നഗരകാര്യ വകുപ്പ് കമ്മിഷണർ സെക്രട്ടറി, മറ്റു ഉദ്യോഗസ്ഥർ, ജമ്മു ആൻഡ് കശ്മീർ സർക്കാർ പ്രതിനിധികൾ, ജമ്മു മുൻസിപ്പൽ കോർപ്പറേഷൻ, ജമ്മു സ്മാർട്ട് സിറ്റി ലിമിറ്റഡ്, ടാറ്റാ മോട്ടോഴ്സ് തുടങ്ങിയവയുടെ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# ദിരിയ ഇ പ്രീയിൽ ഉജ്ജ്വല പ്രകടനവുമായി നിസാൻ ഫോർമുല ഇ ടീം

**കൊച്ചി:** ദിരിയ ഇ പ്രീയിൽ ഉജ്ജ്വല പ്രകടനം പുറത്തെടുത്ത് നിസാൻ ഫോർമുല ഇ ടീം. പത്താമത് എബിബി എഫ്ഐഎ ഫോർമുല ഇ ലോക ചാമ്പ്യൻഷിപ്പ് മൂന്നാം റൗണ്ടിൽ നിസാൻ ടീം 26 പോയിന്റുകൾ സ്വന്തമാക്കി. നിരാശപ്പെടുത്തുന്ന പ്രകടനത്തിനുശേഷം ബ്രിട്ടീഷ് റേസർ ഒലിവർ റോളണ്ടും ഫ്രഞ്ച് അർജന്റെൻ സഹതാരം സാച്ച ഫെനസ്ട്രസും ഉൾപ്പെട്ട നിസാൻ ടീം ഡബിൾ ഹെഡറിലെ രണ്ടാം മത്സരത്തിൽ ഗംഭീര തിരിച്ചുവരവ് നടത്തുകയായിരുന്നു.36 ലാപ് റേസിന്റെ ഗ്രൂപ്പ് ബിയിൽ റോളണ്ട് ഏറ്റവും മികച്ച സമയം കുറിച്ചപ്പോൾ ഫെനസ്ട്രസ് എ റൗണ്ട് യോഗ്യത റൗണ്ടിൽ ഒന്നാമതെത്തി. ഫെനസ്ട്രസ് ക്വാർട്ടർ ഫൈനലിൽ പുറത്തായെങ്കിലും റോളണ്ട് മൂന്നു ഡ്യൂവലുകളിലും ജയം സ്വന്തമാക്കി. ഏഴാഴ്ചത്തെ ഇടവേളക്കുശേഷം അടുത്തമാസം 16നു ഫോർമുല ഇ സാവോ പോളോയിൽ പുനരാരംഭിക്കും. മൂന്നാം റൗണ്ട് വളരെ മികച്ചതായെന്നും കഠിന പ്രയത്നത്തിന് വമ്പൻ നേട്ടം പ്രതിഫലമായി ലഭിച്ചെന്നും നിസാൻ ഫോർമുല ഇ ടീം പ്രിൻസിപ്പലും എംഡിയുമായ ടോമ്മാസോ വോൾപ് പറഞ്ഞു. സാവോ പോളോയിലും മികച്ച പ്രകടനം ടീം ആവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ജിയോ എയർ ഫൈബറിന് പുതിയ ബൂസ്റ്റർ പായ്ക്കുകൾ

**കൊച്ചി/മുംബൈ:**ജിയോ എയർ ഫൈബർ ഉപയോക്താക്കളുടെ ഇന്റർനെറ്റ് അനുഭവം മെച്ചപ്പെടുത്താൻ പുതിയ ബൂസ്റ്റർ പായ്ക്കുകൾ അവതരിപ്പിച്ചു ജിയോ. ഈ പുതിയ ഡാറ്റ ബൂസ്റ്റർ പായ്ക്കുകൾ പ്രതിമാസം നിലവിലുള്ള പായ്ക്കിന്റെ 1 ടിബി ഉപയോഗത്തിന് ശേഷം കൂട്ടിച്ചേർക്കും. നിലവിലുള്ള 401 രൂപയുടെ ഡാറ്റ ബൂസ്റ്റർ പാക്കിനു പുറമെയാണ് 101, 251 രൂപ നിരക്കിൽ പുതിയ പാക്കുകൾ അധിക ഡാറ്റ വാഗ്ദാനം ചെയ്യുന്നത്. നിലവിലുള്ള പ്ലാനിന്റെ അതേ വേഗതയിൽ പ്രവർത്തിക്കുകയും ബിൽ സൈക്കിൾ വരെ വാലിഡിറ്റി നൽകുകയും ചെയ്യുന്ന ഈ ഡാറ്റ ആഡ്ഓണുകൾ മാസം മുഴുവൻ തടസ്സമില്ലാത്ത കണക്റ്റിവിറ്റി ഉറപ്പാക്കുന്നുവെന്നും ജിയോ അധികൃതർ വ്യക്തമാക്കി.പ്ലസ് വേരിയന്റ് ഉൾപ്പെടെ എല്ലാ എയർ ഫൈബർ ഉപഭോക്താക്കൾക്കും ബൂസ്റ്റർ പ്ലാനുകൾ ലഭ്യമാണ്. 101 രൂപ പായ്ക്ക് 100 ജിബി ഡാറ്റയും 251 രൂപ പായ്ക്ക് 500 ജിബി ഡാറ്റയും വാഗ്ദാനം ചെയ്യുന്നു.




രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ എത്തിക്കുന്നതിൽ സങ്കീർണതകളുണ്ടായിരുന്നത് രാജ്യത്തെ ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് ഹോം ബ്രോഡ്ബാൻഡ് ലഭിക്കുന്നതിന് തടസ്സമായിരുന്നു. ജിയോ എയർ ഫൈബറിലൂടെ ഈ തടസ്സത്തെ മറികടന്നു. ജിയോ എയർ ഫൈബറിലൂടെ ഉപഭോക്താക്കൾക്ക് 550+ മുൻനിര ഡിജിറ്റൽ ടിവി ചാനലുകൾ, ക്യാച്ച്അപ്പ് ടിവി, 16ലധികം ഒറ്റിറ്റി ആപ്പുകൾ, ഇൻഡോർ വൈഫൈ, സ്മാർട്ട് ഹോം തുടങ്ങിയ സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാകും. റിലയൻസ് ജിയോ എയർഫൈബർ സേവനങ്ങൾ കേരളത്തിലുടനീളം ലഭ്യമാണെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

# ഐബിഎസിന് കൊച്ചിയിൽ പുതിയ ക്യാമ്പസ് ഇൻഫോർപാർക്കിൽ

**കൊച്ചി:** സംസ്ഥാനത്ത് ഐബിഎസ് സോഫ്റ്റ്‌വെയറിന്റെ പൂർണ ഉടമസ്ഥതയിലുള്ള രണ്ടാമത്തെ ക്യാമ്പസ് കൊച്ചി ഇൻഫോപാർക്കിൽ ആരംഭിക്കും. അത്യാധുനിക സൗകര്യങ്ങളുള്ള ഈ കെട്ടിട സമുച്ചയത്തിൻറെ ഉദ്ഘാടനം ഫെബ്രുവരി നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.



സംസ്ഥാന സർക്കാരിൻറെ ഐടി കാര്യ ഉന്നതാധികാര സമിതി ചെയർമാനും ഇൻഫോസിസ് സഹസ്ഥാപകനുമായ എസ് ഡി ഷിബുലാൽ, സംസ്ഥാന ഐടി സെക്രട്ടറി ഡോ. രത്തൻ കേൽക്കർ, ഐബിഎസ് സോഫ്റ്റ് വെയർ ഇൻഡിപെൻഡൻറ് ഡയറക്ടർ അർമിൻ മീർ, ബ്ലാക്ക്സ്റ്റോൺ സീനിയർ എംഡി ഗണേഷ് മണി, തുടങ്ങിയവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കും.ഇൻഫോപാർക്ക് ആദ്യ ഫേസിലെ 4.2 ഏക്കറിൽ സ്ഥിതി ചെയ്യുന്ന 3.2 ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള കെട്ടിടത്തിൽ 14 നിലകളാണുള്ളത്. 3000 പ്രൊഫഷണലുകൾക്ക് ഒരേ സമയം ഇവിടെ ജോലിയെടുക്കാനാകും. 2005 മുതൽ ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന ഐബിഎസ് ഇതുവരെ ലീസ് ചെയ്ത ഓഫീസുകളിലാണ് പ്രവർത്തിച്ചു വന്നത്. കമ്പനിയുടെ ആദ്യ സ്വന്തം ഓഫീസ് കെട്ടിടം തിരുവനന്തപുരത്തെ ടെക്നോപാർക്കിലാണ് സ്ഥിതി ചെയ്യുന്നത്.വ്യവസായങ്ങളുടെ വിജയത്തിന് മുമ്പെങ്ങുമില്ലാത്ത വിധം സാങ്കേതികവിദ്യയുടെ ഉപയോഗം അനിവാര്യമാണെന്ന് ഐബിഎസ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വി കെ മാത്യൂസ് വാർത്താ സമ്മേളനത്തിൽ ചൂണ്ടിക്കാട്ടി. കൊവിഡിനു ശേഷം ട്രാവൽ വ്യവസായത്തിൽ സാങ്കേതികവിദ്യയിലേക്കുള്ള പരിണാമം വളരെ പെട്ടന്നായിരുന്നു. ഈ ഐടി സേവനങ്ങളുടെ സിംഹഭാഗവും ഐബിഎസ് വഴിയായതിനാൽ കൂടുതൽ ജീവനക്കാരെ ഉൾക്കൊള്ളുന്ന ഓഫീസ് ആവശ്യമായി വന്നു. വിപണിക്കാവശ്യമായ വിധത്തിൽ ആധുനികവും സൗകര്യപ്രദവുമായ തൊഴിലിടം അത്യന്താപേക്ഷിതമായി. കൊവിഡാനന്തര ലോകത്തിലെ ഈ മാറ്റങ്ങളെ ഉൾക്കൊള്ളാൻ മികച്ച ഗവേഷണവികസന സംവിധാനങ്ങളോടെ ഐബിഎസ് ഏറ്റവും മികച്ചസേവനമാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഏവിയേഷൻ, ഹോസ്പിറ്റാലിറ്റി, ക്രൂസ് മേഖല എന്നിവിടങ്ങളിൽ ഗണ്യമായ വളർച്ചയാണ് ഐബിഎസ് കരസ്ഥമാക്കിയത്. 35 രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഐബിഎസിൽ 42 വ്യത്യസ്ത പൗരത്വമുള്ള 5,000 ലധികം പ്രൊഫഷണലുകൾ ജോലി ചെയ്യുന്നു. ഇതിൽ 35ശതമാനവും സ്ത്രീകളാണ്. ഹോസ്പിറ്റാലിറ്റി മേഖലയിൽ കൂടുതൽ മികച്ച ഇടപെടൽ നടത്തുന്നതിന് അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന എബൗ പ്രോപർട്ടി സർവീസസ് എന്ന കമ്പനിയെ ഈ വർഷമാദ്യം ഐബിഎസ് ഏറ്റെടുത്തിരുന്നു. 750 കോടി രൂപയുടേതായിരുന്നു ഈ ഏറ്റെടുക്കൽ. സെൻട്രൽ റിസർവേഷൻ സിസ്റ്റം, പ്രോപെർട്ടി മാനേജ്മൻറ് സിസ്റ്റം, റവന്യൂ മാനേജ്മൻറ് സിസ്റ്റം എന്നിവയിലാണ് സേവനങ്ങൾ നൽകുന്നത്. ലോകത്തിലെ ഏറ്റവും വലുതും ആഡംബരപൂർണവുമായതുൾപ്പെടെ 36,000 ഹോട്ടലുകളും റിസോർട്ടുകളും ഇതോടെ ഐബിഎസിൻറെ സേവനമെത്തുന്നുണ്ട്. 26 വർഷത്തെ യാത്രയിൽ ഐബിഎസിൻറെ ഒമ്പതാമത് വാണിജ്യ ഏറ്റെടുക്കലാണിത്.

## പിൽസ്ബീക്ക് കേരള ഏഞ്ചൽ നെറ്റ് വർക്കിന് 1.53 കോടി രൂപ നിക്ഷേപം

**കൊച്ചി:** നിർമ്മിത ബുദ്ധി (എ.ഐ) ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഫാർമസ്യൂട്ടിക്കൽ സോഫ്റ്റ്‌വെയർ സർവീസ് വികസിപ്പിച്ച പിൽസ്ബീയിൽ കേരള ഏഞ്ചൽ നെറ്റ്‌വർക്ക് 1.53 കോടിയുടെ നിക്ഷേപം പ്രഖ്യാപിച്ചു. ലോജിസ്റ്റിക്സ്, ഡാറ്റാ സംയോജനം എന്നിവ നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്നതോടെ റീട്ടെയിൽ ഫാർമസി രംഗത്ത് പിൽസ്ബീ യുടെ സോഫ്റ്റ്‌വെയർ വിപ്ലവം സൃഷ്ടിക്കുമെന്ന് അധികൃതർ പറഞ്ഞു.

മാർ അത്തനേഷ്യസ് കോളേജിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദം നേടിയ അഭിജിത്ത് ഇ എം, മുഹമ്മദ് റിസ്വാൻ വി, നിധുൻ കെ എന്നിവർ ചേർന്ന് 2019ൽ സ്ഥാപിച്ച പിൽസ്ബീ കോഴിക്കോട് ആസ്ഥാനമായാണ് പ്രവർത്തിക്കുന്നത്.ഉൽപ്പന്നങ്ങൾ കാര്യക്ഷമമായി സംഭരിക്കാനും തടസ്സങ്ങളില്ലാതെ ക്രെഡിറ്റ് ആക്സസ് ചെയ്യാനും മെഡിക്കൽ സ്ഥാപനങ്ങളെ പിൽസ്ബീ എ. ഐ സോഫ്റ്റ്‌വെയർ സഹായിക്കും.കേരളത്തിൽ ഇതിനകം 1,500ലധികം ഫാർമസികളുമായും 50 ലധികം വിതരണക്കാരുമായും പിൽസ്ബീ കൈ കോർത്തു കഴിഞ്ഞു. ഫണ്ടിങ് ദക്ഷിണേന്ത്യയിൽ ഉടനീളം പദ്ധതി വ്യാപിപ്പിക്കാൻ പ്രയോജനപ്പെടുത്തുമെന്ന് അഭിജിത്ത് ഇ എം പറഞ്ഞു. ഐ.ഐ. ഐ. ടി യിൽ നിന്ന് മാസ്റ്റേഴ്സ് ഇൻ അക ആൻഡ് ഡാറ്റാ സയൻസും അഭിജിത്ത് കരസ്ഥമാക്കിയിട്ടുണ്ട്. എ. ഐ, ഡാറ്റാ സയൻസ്, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, ഇഫാർമസി സ്റ്റാർട്ടപ്പ് എന്നിവയിലെ വൈദഗ്ദ്ധ്യത്തിനുള്ള അംഗീകാരം കൂടിയാണ് നിക്ഷേപമെന്ന് കേരള ഏഞ്ചൽ നെറ്റ്‌വർക്കിൽ പിൽസ്ബീയുടെ പ്രമുഖ നിക്ഷേപകനായ രാഹുൽ മാമ്മൻ പറഞ്ഞു.

ഹരികൃഷ്ണൻ നായർ, മനീഷ് ബഫ്ന, മുഹമ്മദ് ഫർസാദ്, ജോൺ ചാക്കോ നേർത്ത്, രേവതി കൃഷ്ണ, ജോസ് പോൾ മാത്യു, അജി എബ്രഹാം, ശ്രീ. ക്യൂ, വിവേക് വേണുഗോപാൽ, ദിവ്യകുമാർ ജെയിൻ തുടങ്ങി കേരള എയ്ഞ്ചൽ നെറ്റ്‌വർക്കിന്റെ പ്രമുഖ നിക്ഷേപകരുടെ കൂട്ടായ്മയാണ് ഫണ്ടിംഗ് നൽകുന്നത്. സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിൽ നവീകരണവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ് കേരള എയ്ഞ്ചൽ നെറ്റ്‌വർക്ക് പ്രവർത്തിക്കുന്നത്.

## ക്യാപിറ്റൽ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് ഐപിഒ ഫെബ്രുവരി 7 മുതൽ

**കൊച്ചി:** ക്യാപിറ്റൽ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഫെബ്രുവരി 7 മുതൽ 9 വരെ നടക്കും. 450 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരിയുടമകളുടെ 1,561,329 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 445 രൂപ മുതൽ 468 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 32 ഓഹരികൾക്കും തുർന്ന് 32ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ലയണൽ മെസിക്കൊപ്പം പുതിയ സൗദി; വെൽക്കംടു അറേബ്യ ക്യാമ്പയിൻ അവതരിപ്പിച്ച് സൗദി ടൂറിസം

**റിയാദ്:** സൗദിയുടെ ദേശീയ ടൂറിസം ബ്രാൻഡായ സൗദി വെൽകം ടു അറേബ്യ, ഫുട്ബോൾ ഇതിഹാസവും സൗദി ടൂറിസം അംബാസഡറുമായ ലയണൽ മെസിയെ അവതരിപ്പിക്കുന്ന മറ്റൊരു ആഗോള മാർക്കറ്റിങ് ക്യാമ്പയിന് തുടക്കമിട്ടു.



യൂറോപ്പ്, ഇന്ത്യ, ചൈന എന്നിവിടങ്ങളിലെ പ്രധാന ടാർഗറ്റ് മാർക്കറ്റുകളിൽ അവതരിപ്പിക്കുന്ന ഗോ ബിയോൻഡ് വാട്ട് യു തിങ്ക് എന്ന ക്യാമ്പയിൻ സൗദിയിലുടനീളം അവിശ്വസനീയവും ഊർജസ്വലവുമായ സാംസ്കാരിക പരിവർത്തനം അനുഭവിക്കാൻ സ്ഥിതിവിവരക്കണക്കുകളിലൂടെ പ്രേക്ഷകരെ ക്ഷണിക്കുന്നു. ദ്വിഭാഷാ ഹാഷ്ടാഗുകൾ ഉപയോഗിച്ച് ടിക്ടോക്കിലും സോഷ്യൽ ചാനലുകളിലും നല്ല അനുഭവങ്ങളും ഓർമകളും പങ്കിടാൻ സൗദിയെ അറിയുന്നവരെ പ്രോത്സാഹിപ്പിക്കാനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു. മൂന്ന് മാസ കാലയളവിൽ ടിവി, സോഷ്യൽ, ഡിജിറ്റൽ, ഒടിഎ തന്ത്രങ്ങളുടെ സംയോജനത്തിലൂടെയാണ് ഏറ്റവും പുതിയ സൗദി വെൽകം ടു അറേബ്യ ബ്രാൻഡ് ക്യാമ്പയിൻ സജ്ജമാക്കിയത്. കാഴ്ചപ്പാടുകളുടെ വിശാലതയും വിനോദസഞ്ചാരത്തിലൂടെ സംസ്കാരങ്ങളുടെ അന്തരം കുറയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സൗദി ടൂറിസം നടത്തുന്ന പരമ്പരയിലെ ഏറ്റവും പുതിയ സംരംഭമാണിത്.

2023 സെപ്തംബറിൽ ലോക ടൂറിസം ദിനത്തിൽ റിയാദിൽ ആരംഭിച്ച യുഎൻ ടൂറിസത്തിന്റെ ടൂറിസം ഓപ്പൺസ് മൈൻഡ്സ് സംരംഭത്തെയും ക്യാമ്പയിൻ ജീവസുറ്റതാക്കുന്നു. ഭാര്യ അന്റോണെല്ലക്കും രണ്ട് കുട്ടികൾക്കുമൊപ്പം കഴിഞ്ഞ വസന്തകാലത്തുൾപ്പെടെ രാജ്യത്ത് പതിവായി സന്ദർശനം നടത്തുന്ന മെസിക്ക് സൗദിയുമായി നല്ല ബന്ധമുണ്ട്. മെസിയും കുടുംബവും തങ്ങളുടെ സൗദി അനുഭവങ്ങളിൽ സന്തോഷവും വീണ്ടും രാജ്യം സന്ദർശിക്കാനുള്ള ആഗ്രഹവും പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ചെങ്കടലിലെ ശുദ്ധജലം മുതൽ അസീറിലെ പച്ചപ്പ് നിറഞ്ഞ പർവതങ്ങൾ വരെ, മഞ്ഞ് മൂടിയ തബൂക്ക്, തീരദേശ നഗരമായ ജിദ്ദ, തിരക്കേറിയ തലസ്ഥാനമായ റിയാദ് തുടങ്ങി സൗദിയുടെ വൈവിധ്യമാർന്ന സ്ഥലങ്ങളും കാലാവസ്ഥയും ഭൂപ്രദേശവും വീഡിയോ കാണിക്കുന്നു, ദിരിയ ഇപ്രിക്സ്, റിയാദിലെ സീസൺ തീം പാർക്ക് റൈഡുകൾ, അൽഉലയിലെ ഹോട്ട് എയർ ബലൂൺ ഫ്ളൈറ്റുകൾ, എംഡിഎൽ ബീസ്റ്റ് സംഗീത പരിപാടികൾ എന്നിങ്ങനെ സൗദിയിലെ ആക്ടിറ്റിവിറ്റികളുടെയും ആകർഷണങ്ങളുടെയും ആഘോഷങ്ങളും മെസി ക്യാമ്പയിൻ എടുത്തു കാണിക്കുന്നു.സൗദിയുടെ തുറന്നതും സ്വാഗതാർഹവുമായ സംസ്കാരത്തെക്കുറിച്ചും, സൗദി യുവതികളെ അവരുടെ പൂർണമായ കഴിവിൽ എത്താൻ പ്രചോദിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ക്യാമ്പയിൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

സൗദി വനിതാ ദേശീയ ഫുട്ബോൾ ടീം, മോട്ടോർ സ്പോർട്സ് അത്‌ലറ്റ് ഡാനിയ അക്കീൽ, ഡിജെ കോസ്മിക്കാറ്റ്, ബഹിരാകാശത്തെത്തിയ ആദ്യ സൗദി വനിത റയ്യാന ബർണാവി തുടങ്ങി സൗദിയുടെ സാംസ്കാരിക പരിവർത്തനത്തിന് നേതൃത്വം നൽകിയ സൗദി വനിതകളെയും മെസി ക്യാമ്പയിനിലൂടെ പ്രകീർത്തിക്കുന്നു. 63 രാജ്യങ്ങളും പ്രത്യേക ഭരണ പ്രദേശങ്ങളും ഉൾപ്പെടുന്ന ഇവിസ പ്രോഗ്രാം, ജിസിസി റസിഡന്റ്സ് വിസ, സൗജന്യ 96 മണിക്കൂർ സ്റ്റോപ്പ് ഓവർ വിസ തുടങ്ങിയ വിസ സംരംഭങ്ങൾ തുടർച്ചയായി വികസിപ്പിച്ചെടുത്തതിലൂടെ സൗദി സന്ദർശനം ഇപ്പോൾ എളുപ്പമാണ്. സ്റ്റോപ്പ് ഓവർ വിസ ഉടമകൾക്ക് ദേശീയ വിമാനക്കമ്പനിയായ സൗദിയയിൽ ബുക്ക് ചെയ്യുമ്പോൾ സ്റ്റോപ്പ് ഓവർ സമയത്ത് സൗജന്യമായി ഒരു രാത്രി ഹോട്ടൽ താമസത്തിന് അർഹതയുണ്ട്. സൗദി പര്യവേക്ഷണം ചെയ്യാനും ഉംറ നിർവഹിക്കാനും യാത്രക്കാർക്ക് സ്റ്റോപ്പ് ഓവർ വിസ ഉപയോഗിക്കാം.

# സംസ്ഥാന ടൂറിസത്തിന് പുത്തനുണർവായി മെഗാ സമ്മേളനങ്ങൾ

**കൊച്ചി:** മെഗാ കോൺഫറൻസുകളുടെനഗരമെന്നന് നിലയിൽ കൊച്ചി രാജ്യത്തെ ടൂറിസം, ഹോസ്പിറ്റാലിറ്റി വ്യവസായ ഭൂപടത്തിൽ 2024 തുടക്കത്തോടെ വീണ്ടും മുൻനിരയിൽ എത്തി.ജനുവരിയിൽ മാത്രം അചഇകജഡ 2024, ജല്ലഉകഇഛച തുടങ്ങി ആരോഗ്യ രംഗത്തെ പ്രധാന ദേശീയ കോൺഫറൻസുകൾക്ക് കൊച്ചി ആതിഥേയത്വം വഹിച്ചു, പത്ത് ദിവസത്തിൽ ഏകദേശം 30,000 പേരാണ് സമ്മേളനത്തിന്റെ ഭാഗമായി നഗരം സന്ദർശിച്ചത്.

ഇതിൽ 2000 വിദേശ പ്രതിനിധികളുടെ സാന്നിധ്യമുണ്ടായി.200 മുതൽ 250 കോടി രൂപയുടെ നേട്ടമാണ് ഇതുവഴി സംസ്ഥാനത്ത് ഉണ്ടായതായി കണക്കാക്കുന്നത്. 1,50,000 റൂം ബുക്കിങ്ങ് ഈ കുറഞ്ഞ കാലയളവിൽ നടന്നു. പരിപാടികളുടെ സുഗമമായ നടത്തിപ്പ് 3.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള താൽക്കാലിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതായി സംസ്ഥാനത്തെ പ്രമുഖ ഇവന്റ് മാനേജ്മെന്റ് കമ്പനിയായ എക്സിക്യൂട്ടീവ് ഇവന്റ്സിന്റെ മാനേജിംഗ് ഡയറക്ടർ രാജു കണ്ണമ്പുഴ പറഞ്ഞു.ഇതോടൊപ്പമുള്ള ശാസ്ത്ര എക്സ്പോയിൽ 200 ദേശീയ, ബഹുരാഷ്ട്ര മെഡിക്കൽ, ഉപകരണ കമ്പനികളുടെ പങ്കാളിത്തമുണ്ടായി. ആരോഗ്യ രംഗത്ത് കേരളത്തിന്റെ പ്രകടനത്തിന് ഏറെ ശക്തി പകരാനും ഇത് സഹായിക്കുമെന്ന് രാജു കണ്ണമ്പുഴ പറഞ്ഞു.പാർക്കിങ്ങിനും ട്രാഫിക് മാനേജ്മെന്റിനുമായി നിർമ്മിച്ച മൊബൈൽ ആപ്പ് ലോജിസ്റ്റിക്സ് കാര്യക്ഷമമാക്കി. ട്രാഫിക് കുരുക്കളില്ലാതെയാണ് സമ്മേളനങ്ങൾ കടന്നു പോയത്.

രണ്ടുവർഷത്തെ കൃത്യമായ ആസൂത്രണത്തിനും തയ്യാറെടുപ്പിനും ശേഷമാണ് കൊച്ചിയിൽ പരിപാടികൾ അരങ്ങേറിയതെന്ന് അദ്ദേഹം പറഞ്ഞു.25 കോടിയുടെ അന്താരാഷ്ട്ര ബുക്കിങ്ങ് നടന്നു. വിമാനക്കമ്പനികൾക്ക് ഇത് നേട്ടമായി.. കോൺഫറൻസിന് മുമ്പും ശേഷവും ടൂറുകൾ സംഘടിപ്പിച്ചു. സമ്മേളനങ്ങളുടെ വിജയത്തിന് സർക്കാരിന്റെ പിന്തുണയുംനിർണായക പങ്ക് വഹിച്ചു.

കൊച്ചി മെട്രോ, വാട്ടർ മെട്രോ, ലോക്കൽ ടാക്സി സർവീസുകൾ, ഓട്ടോറിക്ഷകൾ, ടോൾ ബൂത്തുകൾ, കൊച്ചി രാജ്യാന്തര വിമാനത്താവളം, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ടൂറിസ്റ്റ് ബോട്ടുകൾ, ക്രൂയിസുകൾ തുടങ്ങി വിവിധ മേഖലകൾ കാര്യക്ഷമമായ പ്രവർത്തനം കാഴ്ച്ച വെച്ചു.

കൂടാതെ എഞ്ചിനീയർമാർ, ടെക്നീഷ്യൻമാർ, കലാകാരൻമാർ തുടങ്ങി അസംഘടിത തൊഴിലാളികൾ വരെയുള്ള വിവിധ മേഖലകളിലായി ഒരു ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ മെഗാ സമ്മേളനങ്ങൾക്ക് സാധിച്ചതായി രാജു കണ്ണമ്പുഴ പറഞ്ഞു. ജിഎസ്ടി ഇനത്തിൽ സർക്കാറിന് കാര്യമായ നേട്ടമുണ്ടായി.

കേരളത്തെ സംബന്ധിച്ചിടത്തോളംയോഗങ്ങൾ, സമ്മേളനങ്ങൾ, പ്രദർശനങ്ങൾ എന്നിവ ഉൾപ്പെടുന്ന മൈസ് (ങകഇഋ) ടൂറിസം സുപ്രധാനമാണെന്ന്രാജു കണ്ണമ്പുഴ പറഞ്ഞു. ങകഇഋ ടൂറിസത്തെ ദേശീയമായും അന്തർദേശീയമായും വിപണനം ചെയ്യുന്നതിനുള്ള തന്ത്രങ്ങൾ സംസ്ഥാന ടൂറിസം വകുപ്പ്വികസിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.



# സാംസങ് ഗ്യാലക്സി എസ്24 സീരിസ് ഇന്ത്യൻ വിപണിയിൽ

**കൊച്ചി:** മെയ്ഡ് ഇൻ ഇന്ത്യ ക്യാമ്പയിന്റെ ഭാഗമായി ഇന്ത്യയിൽ തന്നെ നിർമ്മിച്ച സാംസങ് ഗ്യാലക്സി എസ്24 മോഡലുകളുകളുടെ ഔദ്യോഗിക വിൽപ്പന രാജ്യത്ത് ആരംഭിച്ചു. തത്സമയ തർജ്ജമ, ഇന്റർപ്രെറ്റർ, ചാറ്റ് അസിസ്റ്റ്, നോട്ട് അസിസ്റ്റ്, ട്രാൻസ്ക്രിപ്റ്റ് അസിസ്റ്റ് ഫീച്ചറുകളുമായാണ് ഗ്യാലക്സി എസ്24 എത്തുന്നത്. എഐ അധിഷ്ഠിതമായ സാംസങ് കീബോർഡ് തത്സമയം 13 ഭാഷകളിൽ തർജ്ജമ ചെയ്യാൻ സാധിക്കുന്നതാണ്. കാറുകളിലെ ആൺഡ്രോയ്ഡ് ഓട്ടോയിൽ വരുന്ന സന്ദേശങ്ങൾ സംഗ്രഹിക്കുകയും പ്രസക്തമായ മറുപടികളും കാര്യങ്ങളും നിർദ്ദേശിക്കുകയും ചെയ്യും. ഇന്ത്യയിൽ സാംസങ്ങിന്റെ നോയിഡ ഫാക്ടറിയിലാണ് ഗ്യാലക്സി എസ്24 സീരിസ് നിർമ്മിക്കുന്നത്.



# കൗതുകമുണർത്തുന്ന ആഴക്കടൽ കാഴ്ചകൾ തുറന്നിട്ട് സിഎംഎഫ്ആർഐ

**കൊച്ചി:** കടലറിവുകളുടെ കൗതുകക്കാഴ്ചകൾ സമ്മാനിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ഓപ്പൺ ഹൗസ് പ്രദർശനം. ഭീമൻ മത്സ്യമായ ഹംപ്ഹെഡ് റാസ്, ഏറ്റവും വലിയ മത്സ്യമായ തിമിംഗല സ്രാവ്, വിലകൂടിയ മുത്തുകൾ തുടങ്ങി ആഴക്കടലിന്റെ അറിയാകാഴ്ചകൾ കാണാൻ ആയിരങ്ങളാണെത്തിയത്.

77ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ചാണ് സിഎംഎഫ്ആർഐ പൊതുജനങ്ങൾക്കായി തുറന്നിട്ടത്.മ്യൂസിയം, വിവിധ പരീക്ഷണശാലകൾ, മറൈൻ അക്വേറിയം, ലൈബ്രറി, ഹാച്ചറികൾ, കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം എന്നിവ കാണാനെത്തിയവരിൽ ഭൂരിപക്ഷവും വിദ്യാർത്ഥികളായിരുന്നു.ത്രിമാന ചിത്രങ്ങളും ശാസ്ത്രീയവിവരണങ്ങളും ചേർത്ത് കടൽ ജൈവവൈവിധ്യങ്ങളെ പരിചയപ്പെടുത്തിയ മ്യൂസിയത്തിലെ ഇന്ററാക്ടീവ് ഡിസ്പ്ലേ ബോർഡ് ഏറെ വിജ്ഞാനപ്രദമായി.ചുറ്റികതലയൻ സ്രാവ്, പുലി സ്രാവ്, പേപ്പർ സ്രാവ്, കാക്ക തിരണ്ടി, മൂക്കൻ തിരണ്ടി, ഗിത്താർ മത്സ്യം, കല്ലൻ വറ്റ തുടങ്ങിയ മത്സ്യയിനങ്ങളും വിവിധയിനം ചെമ്മീൻ, ഞണ്ട്, കണവ, കൂന്തൽ, നീരാളി, കക്കവർഗയിനങ്ങളും വിവിധ ലാബുകളിൽ പ്രദർശിപ്പിച്ചു.

മീനുകളുടെ ജനിതകരഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്ന ഗവേഷണപ്രവർത്തനങ്ങൾ, സമുദ്രജൈവവൈവിധ്യപാരിസ്ഥിതിക പഠനങ്ങൾ, പ്ലാസ്റ്റിക് മാലിന്യം മീനുകളുടെ ജീവന് ഭീഷണിയാകുന്നതിന്റെ നേർചിത്രങ്ങൾ, മീനുകളുടെ ചെവിക്കല്ല് ഉപയോഗിച്ച നിർമിച്ച ആഭരണങ്ങൾ എന്നിവയും പ്രദർശനത്തിലുണ്ടായിരുന്നു.

കൂടുമത്സ്യകൃഷി, സംയോജിതജലകൃഷിരീതിയായ ഇംറ്റ തുടങ്ങി വിവിധ സമുദ്രജലകൃഷികളുടെ മാതൃകകളും സന്ദർശകർക്കായി ഒരുക്കിയിരുന്നു. സമുദ്രമത്സ്യ മേഖയിലെ ഗവേഷണ പഠനങ്ങളെ കുറിച്ച് വിദഗ്ധരുമായി ആശയവിനിമയത്തിനും അവസരമുണ്ടായിരുന്നു.വംശനാശ ഭീഷണി നേരിടുന്നവ ഉൾപ്പെടെയുള്ള കടൽ സമ്പത്തിന്റെ സംരക്ഷണ സന്ദേശം പകർന്നു നൽകുന്ന ചിത്രസഹിതമുള്ള ബാഡ്ജുകളുടെ വിതരണം പ്രദർശനത്തിൽ ശ്രദ്ധ പിടിച്ചുപറ്റി.

വിദ്യാർത്ഥികൾ ഈ ബാഡ്ജുകൾ ധരിച്ച് പുതുമയുണർത്തുന്ന ബോധവൽകരണരീതിയുടെ ഭാഗമായി.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663